**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 894** **18-09-2025 - ൽ മറുപടിയ്ക്ക്**

**ദളിത് പെൺകുട്ടികൾ ലൈംഗിക അതിക്രമത്തിന് ഇരയായ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പത്തനംതിട്ടയിൽ ദളിത് പെൺകുട്ടി കൂട്ടബലാൽസംഗത്തിന് ഇരയായ സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഈ വിഷയത്തിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പത്തനംതിട്ട ജില്ലയിൽ ഇലന്തൂർ ബ്ലോക്ക്, ചെന്നീർക്കര ഗ്രാമപഞ്ചായത്ത് പരിധിയിലെ താമസക്കാരിയായ പട്ടികജാതി പെൺകുട്ടി അതിക്രമത്തിന് ഇരയായ സംഭവുമായി ബന്ധപ്പെട്ട് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 31 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും അതിൽ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 17 കേസുകളുടെ അടിസ്ഥാനത്തിൽ അതിജീവിതയ്ക്ക് ആശ്വാസ ധനസഹായമായി വകുപ്പ് മുഖേന 2,00,000/-രൂപ അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 17 കേസുകളുടെ ഫൈനൽ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ ടി നിയമ പ്രകാരം അതിക്രമത്തിന് ഇരയാകുന്നവർക്കുള്ള ധനസഹായ പദ്ധതി പ്രകാരം അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കുന്നതുമാണ്.<br><br>പത്തനംതിട്ട ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ സംരക്ഷണയിലുള്ള അതിജീവിതയ്ക്ക് കോന്നി നിർഭയ എൻടി ഹോമിൽ സ്ഥാപന സംരക്ഷണവും, സൈക്കോളജിസ്റ്റ് സേവനവും താലൂക്ക് ആശുപത്രി മുഖാന്തരം വൈദ്യപരിചരണവും ലഭ്യമാക്കിയിരുന്നതും, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് മുഖേന ആശ്വാസ ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ളതും, ആയത് പരിഗണനയിലുമാണ്. |
| (ബി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ഇരകളായവരുടെ തുടർ വിദ്യാഭ്യാസത്തിനും മെച്ചപ്പെട്ട സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വകുപ്പ് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് വകുപ്പ് മുഖേന പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരമുള്ള സെമിനാറുകളും ബോധവത്ക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. ടി നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | കേസുകളിൽ ഇരകളായവർക്ക് നിയമാനുസരണം ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **894** **18.09.2025 ൽ** മറുപടിയ്ക്ക്

**ദളിത് പെൺകുട്ടികൾ ലൈംഗിക അതിക്രമത്തിന് ഇരയായ കേസുകൾ**

| | ചോദ്യം<br>**ശ്രീമതി ഉമ തോമസ്** | | മറുപടി<br>**ഒ.ആർ. കേളു**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | പത്തനംതിട്ടയിൽ ദളിത് പെൺകുട്ടി കൂട്ടബലാൽസംഗത്തിന് ഇരയായ സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഈ വിഷയത്തിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്. പത്തനംതിട്ട ജില്ലയിൽ ഇലന്തൂർ ബ്ലോക്ക്, ചെന്നീർക്കര ഗ്രാമപഞ്ചായത്ത് പരിധിയിലെ താമസക്കാരിയായ പട്ടികജാതി പെൺകുട്ടി അതിക്രമത്തിന് ഇരയായ സംഭവുമായി ബന്ധപ്പെട്ട് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 31 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും അതിൽ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 17 കേസുകളുടെ അടിസ്ഥാനത്തിൽ അതിജീവിതയ്ക്ക് ആശ്വാസ ധനസഹായമായി വകുപ്പ് മുഖേന 2,00,000/-രൂപ അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 17 കേസുകളുടെ ഫൈനൽ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ ടി നിയമ പ്രകാരം അതിക്രമത്തിന് ഇരയാകുന്നവർക്കുള്ള ധനസഹായ പദ്ധതി പ്രകാരം അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കുന്നതുമാണ്.<br>പത്തനംതിട്ട ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ സംരക്ഷണയിലുള്ള അതിജീവിതയ്ക്ക് കോന്നി നിർഭയ എൻടി ഹോമിൽ സ്ഥാപന സംരക്ഷണവും, സൈക്കോളജിസ്റ്റ് സേവനവും താലൂക്ക് ആശുപത്രി മുഖാന്തരം വൈദ്യപരിചരണവും ലഭ്യമാക്കിയിരുന്നതും, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് മുഖേന ആശ്വാസ ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ളതും, ആയത് പരിഗണനയിലുമാണ്. |

| | | | |
|---|---|---|---|
| ബി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ഇരകളായവരുടെ തുടർ വിദ്യാഭ്യാസത്തിനും മെച്ചപ്പെട്ട സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വകുപ്പ് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | ബി) | സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് വകുപ്പ് മുഖേന പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരമുള്ള സെമിനാറുകളും ബോധവത്ക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. ടി നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ഇരകളായവർക്ക് നിയമാനുസരണം ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. |

Anju K.R.

**സെക്ഷൻ ഓഫീസർ**